# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1561 — 07.06.2018-ൽ മറുപടിക്ക്

**മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അബ്ദുൾ ഹമീദ്.പി | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | വികസിത രാജ്യങ്ങളിൽ അനുവർത്തിച്ചുവരുന്ന ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതിയും സംഭരണ-സംസ്കരണ-വിതരണ രീതികളും ഉപയോഗിക്കുന്നതിന് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് പരിശീലനവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നൽകി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദാംശം സഹിതം വ്യക്തമാക്കുമോ; | (എ) | വികസിത രാജ്യങ്ങളിൽ അനുവർത്തിച്ചു വരുന്ന ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതികളും വിതരണ രീതികളും ഉപയോഗിക്കുന്നതിന് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സർക്കാർ സ്ഥാപനമായ CIFT മുഖേന പരിശീലനം നൽകി വരുന്നുണ്ട്. ഉത്തരവാദിത്വ മത്സ്യബന്ധനം, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉൽപ്പാദനം, മത്സ്യോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, ഗുണനിലവാരം ഉറപ്പു വരുത്തൽ എന്നീ മേഖലകളിലാണ് പരിശീലനം നൽകി വരുന്നത്. CIFT വികസിപ്പിച്ചെടുത്ത നൂതന സാങ്കേതിക വിദ്യകൾ സംസ്ഥാനത്ത് നടക്കുന്ന എക്സിബിഷനുകളിൽ പ്രദർശിപ്പിക്കുകയും അതുവഴി മത്സ്യത്തൊഴിലാളികൾക്ക് ഇവ പരിചയപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള കടുങ്ങല്ലൂരിലെ ട്രെയിനിംഗ് സെന്ററായ നിഫാമിൽ മത്സ്യത്തൊഴിലാളികൾക്ക് നൂതന മത്സ്യബന്ധന രീതികൾ സംബന്ധിച്ച് ബോധവത്ക്കരണ പരിപാടികളും പരിശീലനങ്ങളും നൽകി വരുന്നുണ്ട്. പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരവും ന്യായവിലയും ഉറപ്പാക്കുന്നതിനായി മത്സ്യഫെഡ് പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നേരിട്ട് മത്സ്യം സംഭരിച്ച് വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നവീന ശാസ്ത്രസാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനരീതി പരിശീലിപ്പിക്കുന്നതിന് നിലവിൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) & (സി) | കേന്ദ്ര റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളായ CMFRI, CIFT, CIFNET, NIFHAT എന്നീ സ്ഥാപനങ്ങൾ നവീന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതികളിൽ പരിശീലനം നൽകി വരുന്നുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഇത്തരം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ